# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 30 06/01/2014-ൽ മറുപടിക്ക്

## ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകളിലെ പട്ടികഗോത്ര വിഭാഗങ്ങളെ സംബന്ധിക്കുന്ന ശുപാർശകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ :<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ:<br>ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ:<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | പട്ടികഗോത്ര വിഭാഗം ജനതയുടെ ജീവിത സുരക്ഷാ സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന വിധത്തിൽ എന്തെല്ലാം ശുപാർശകളാണ് ഗാഡ്ഗിൽ, കസ്തൂരി രംഗൻ റിപ്പോർട്ടുകളിൽ ഉള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ; | എ | ഉണ്ട്. പശ്ചിമഘട്ട സംരക്ഷണം സംബന്ധിച്ച കാര്യങ്ങൾ പരാമർശിക്കുന്ന കൂട്ടത്തിൽ പാരിസ്ഥിതിക നാശത്തിന്റെ ദൂഷ്യഫലം അനുഭവിച്ചത് ഗോത്ര വർഗ്ഗക്കാരാണെന്നും, വികസനത്തിന്റെ പ്രയോജ നങ്ങൾ അവർക്ക് സിദ്ധിച്ചിട്ടില്ലായെന്നും അവർക്ക് അവകാശ പ്പെട്ട ഭൂമി നൽകുന്നത് സംബന്ധിച്ച നിയമങ്ങൾ നടപ്പാക്കുന്നത് ചില നിക്ഷിപ്ത താല്പര്യക്കാർ തടസ്സപ്പെടുത്തുകയുണ്ടായി എന്നും റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു.<br><br>തടിയേതര വനവിഭവങ്ങൾ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാക്കി വിപണനം ചെയ്യുന്നതിനുള്ള സാമ്പത്തിക സഹായം. എക്കോ-ടൂറിസം എന്നിവയുടെ പ്രയോജനം പട്ടിക ഗോത്രവർഗ്ഗക്കാർക്കും പ്രയോജനപ്പെടു ത്താമെന്ന് കസ്തൂരിരംഗൻ റിപ്പോർട്ടിൽ (ഖണ്ഡിക 6 – 7) പരാമർശിച്ചു കാണുന്നു. |
| ബി | പ്രസ്തുത വിഭാഗങ്ങൾക്ക് ഹാനി കരമായ ശുപാർശകൾ റിപ്പോർട്ടുക ളിലുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | ബി | ഗാഡ്ഗിൽ, കസ്തൂരി രംഗൻ റിപ്പോർട്ടിലെ ശുപാർശകളിൽ ജനാധിവാസ മേഖലകളിൽ ഏർപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുള്ള നിയന്ത്ര ണങ്ങൾ പട്ടിക ഗോത്ര വർഗ്ഗക്കാരെ പ്രതികൂലമായി ബാധിക്കാനിടയുണ്ട്. പരിസ്ഥിതി ലോല പ്രദേശങ്ങൾ പുനർനിർണ്ണയിക്കാൻ കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് അവസരം നൽകി |

| | | | |
|---|---|---|---|
| | | | യിരിക്കുകയാണ്. പരിസ്ഥിതി ലോല പ്രദേശങ്ങൾ ഏതൊക്കെയെന്ന് അന്തിമമായി നിശ്ചയിച്ച് അവിടങ്ങളിൽ ഏർപ്പെടുത്തേണ്ട നിയന്ത്രണങ്ങളും നിരോധനങ്ങളും വിജ്ഞാപനം ചെയ്തതിനുശേഷം മാത്രമെ ഇക്കാര്യത്തിൽ അന്തിമ മറുപടി പറയാൻ സാധിക്കുകയുള്ളൂ. |
| സി | സംസ്ഥാനത്തിലുൾപ്പെട്ടതും റിപ്പോർട്ടിനാധാരമായതുമായ പശ്ചിമഘട്ട മേഖലയിൽ പട്ടികഗോത്ര വിഭാഗങ്ങളുടെ അംഗസംഖ്യ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ; | സി | കണക്കാക്കിയിട്ടില്ല. |
| ഡി | ഗോത്ര മേഖലയ്ക്ക് അനുഗുണമായ ശുപാർശകൾ നടപ്പാക്കിക്കിട്ടാൻ എന്തൊക്കെ നിയമാനുസൃത നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ ? | ഡി | പരിസ്ഥിതി ലോല പ്രദേശങ്ങൾ പുനർനിർണ്ണയിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ജൈവവൈവിധ്യം സംരക്ഷിക്കുന്ന വ്യക്തികൾക്ക് പ്രോത്സാഹനം, സാമ്പത്തിക രൂപത്തിൽ നൽകണമെന്നും, നിയന്ത്രണങ്ങൾ മൂലം അവർക്കുണ്ടാകാവുന്ന കഷ്ടനഷ്ടങ്ങൾക്ക് പരിഹാരം എന്ന നിലയിൽ സാമ്പത്തികസഹായം നൽകണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോടും, പതിനാലാം ധനകാര്യ കമ്മീഷന് സമർപ്പിക്കാനായി തയ്യാറാക്കിയ നിവേദനത്തിലും അഭ്യർത്ഥിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**